(സി) ഈ വർഷം നാളിതുവരെ മെരിറ്റിൽ സംവരണവിഭാഗത്തിൽ പെടാത്ത കുട്ടികൾക്ക് എത്ര റാങ്ക് വരെയുള്ളവർക്കും, സംവരണ വിഭാഗത്തിൽപ്പെട്ടവരിൽ എത്ര റാങ്കുവരെയുള്ളവർക്കും, സർക്കാർ കോളേജിലും സ്വകാര്യകോളേജിലും മെരിറ്റിൽ പ്രവേശനം കിട്ടിയെന്ന്-ഓരോ സംവരണ വിഭാഗവും വെവ്വേറെ തരം തിരിച്ചു കോളേജുതലവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ 200 സീറ്റുവീതവും ആലപ്പുഴ, കോട്ടയം തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ 100 സീറ്റുവീതവുമായി 5 സർക്കാർ മെഡിക്കൽ കോളേജുകളിൽ 700 സീറ്റും, പരിയാരം അക്കാഡമി ഓഫ് മെഡിക്കൽ സയൻസിൽ 100 സീറ്റുമാണ് ഇപ്പോൾ നിലവിലുള്ളത്. കൂടാതെ കാരക്കോണം സി.എസ്.ഐ. മെഡിക്കൽ കോളേജ് തിരുവല്ല പുഷ്പഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്സ്, കോലഞ്ചേരിയിലെ മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ മിഷൻ, കൊച്ചിയിലെ കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ 100 സീറ്റുവീതവും ലഭ്യമാണ്. എന്നാൽ ഈ നാല് മെഡിക്കൽ കോളേജുകളിലേയും ഈ വർഷത്തെ പ്രവേശനം ഇന്ത്യൻ മെഡിക്കൽ കൗൺസിൽ താൽക്കാലികമായി തടഞ്ഞിരിക്കുകയാണ്.

(ബി) ഈ വർഷത്തെ ഫീസ് നിരക്കുകൾ ഇതുവരേയും നിശ്ചയിച്ചിട്ടില്ല.

(സി) ഈ വർഷത്തെ മെഡിക്കൽ അഡ്മിഷൻ നടപടിക്രമങ്ങൾ ആരംഭിച്ചിട്ടില്ല.

എൽ.ഡി./യു.ഡി. റേഷ്യോ പ്രമോഷൻ

140 (1451) ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-6-1985-ലെ ശമ്പള പരിഷ്ക്കരണ ഉത്തരവ് പ്രകാരം എൽ.ഡി/ യു.ഡി. 1:1 റേഷ്യോ പ്രമോഷൻ വിദ്യാഭ്യാസ വകുപ്പിൽ യഥാസമയം നടപ്പാക്കാറുണ്ടോയെന്നും ഇല്ലെങ്കിൽ ഇതിന്റെ കാരണങ്ങൾ എന്തെല്ലാം എന്നും അറിയിക്കാമോ ;

(ബി) വിദ്യാഭ്യാസ വകുപ്പിലെ മുഴുവൻ ക്ലാർക്കുമാരുടെ എണ്ണമെത്രയെന്നും അതിൽ എൽ.ഡി., യു.ഡി. ക്ലാർക്കുമാർ എത്രയെന്നും ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്താമോ ;

(സി) 1:1 അനുപാതത്തിൽ പ്രമോഷൻ നൽകിയാൽ ഇപ്പോൾ എത്ര എൽഡി. ക്ലാർക്കുമാർക്ക് യു.ഡി. ക്ലാർക്കായി പ്രമോഷൻ ലഭിക്കുമെന്നും സീനിയോറിറ്റി ലിസ്റ്റിൽ എത്രവരെയുള്ളവർക്ക് പ്രമോഷൻ ലഭിക്കുമെന്നും അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇപ്രകാരം പ്രമോഷന് യോഗ്യതയുള്ളവരുടെ ലിസ്റ്റ് ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത രീതിയിൽ പ്രമോഷൻ നൽകിയാൽ സർക്കാരിന് അധിക ബാധ്യത വല്ലതും ഉണ്ടാകുമോയെന്നും പ്രമോഷൻ എന്നത്തേയ്ക്ക് നടത്താൻ കഴിയുമെന്നും അറിയിക്കാമോ ;

(എഫ്) പ്രമോഷൻ സാധ്യത ഏറ്റവും കുറവുള്ള പ്രസ്തുത വകുപ്പിൽ കൃത്യസമയത്ത് തന്നെ പ്രമോഷൻ നൽകുന്നതിന് സത്വര നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ-എഫ്) ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാരിൽ നിന്നും വിവരം ശേഖരിച്ചുകൊണ്ടിരിക്കുകയാണ്.

ഗവൺമെന്റ് ഹൈസ്കൂൾ അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലം മാറ്റം

141 (1452) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗവൺമെന്റ് ഹൈസ്കൂൾ അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലം മാറ്റം ജില്ലകളിൽ ഓരോ വിഷയത്തിനും മൊത്തമുള്ള ഒഴിവുകളുടെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ ;

(ബി) കോഴിക്കോട് ജില്ലയിൽ എച്ച്. എസ്. എ.(സോഷ്യൽ സയൻസ്)യ്ക്ക് എത്ര ഒഴിവുകൾ നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) 2003-04 വർഷത്തിലേക്ക് അന്തർജില്ലാ സ്ഥലം മാറ്റം വഴി എച്ച്.എസ്.എ. (എസ്.എസ്) തസ്തികയിൽ നിയമനത്തിനായി കോഴിക്കോട് ജില്ലയിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ ;

(ഡി) കോഴിക്കോട് ജില്ലയിൽ അന്തർജില്ലാ സ്ഥലം മാറ്റത്തിലൂടെ പ്രസ്തുത വിഷയത്തിൽ കഴിഞ്ഞ 5 വർഷങ്ങളിലോരോ വർഷവും എത്ര പേരെ വീതം നിയമിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 30 ശതമാനം.

(ബി) ഒഴിവുകൾ നിലവിലില്ല.

(സി) 18 എണ്ണം.

(ഡി)

1998-1999-	3
1999-2000-	3
2000-2001-	ഇല്ല
2001-2002-	4
2002-2003-	2

LIBRARY ARCHIVES Kerala Legislative Assembly